❑ വിലനിലവാരം

സ്വർണ വില ഇടിഞ്ഞു

കൊച്ചി

● വെളിച്ചെണ്ണ
മില്ലിങ്.... 15,600
വെളിച്ചെണ്ണ.... 15,100
കൊപ്ര....9900–10100

● പിണ്ണാക്ക്
എക്സ്പെല്ലർ.... 2700
റോട്ടറി.... 3000

● കുരുമുളക്
പുതിയത്.... 57600
അൺഗാർബിൾഡ്.... 58,600
ഗാർബിൾഡ്.... 60600

● ചുക്ക്
മീഡിയം.... 36,000
ബെസ്റ്റ്.... 38,000

● മഞ്ഞൾ
നാടൻ.... 15,000
സേലം....17,000
ഈറോഡ് ഇല്ല
കാഞ്ഞിരക്കുരു.... 1850
അടയ്ക്ക 30,000
അടയ്ക്ക പുതിയത്.... 33,000
പഞ്ചസാര.... 4120
മുളക്....27,500
ഉഴുന്ന്....10,900–11,600
ചെറുപയർ.... 10,300–11,800
കടല.... 6300–9800
മുതിര.... 7500
എള്ള്.... 20,000
മല്ലി.... 7800–9200
പച്ചരി നമ്പർ 1 14600
പുഴുക്കലരി (ജയ).... 4200

● ജാതിക്ക
ജാതിക്കതൊണ്ടൻകിലോ– 220–240
ജാതിക്കതൊണ്ടില്ലാത്ത് –380–420
ജാതിപത്രിചുവപ്പ്മഞ്ഞ –1050–1350
ജാതി ഫ്ളവർ ചുവപ്പ്–1300–1600
ജാതി ഫ്ളവർ മഞ്ഞ–1400–1700
ഗ്രാമ്പൂ – 900–960

● കാലടി വിപണി
ജാതിക്കതൊണ്ടൻകിലോ– 220–240
ജാതിക്കതൊണ്ടില്ലാത്ത് –380–420
ജാതിപത്രിചുവപ്പ്മഞ്ഞ –1050–1350
ഫ്ളവർ ചുവപ്പ്മഞ്ഞ–1400–1700
ഒട്ടുപാൽ....11,800
ലാറ്റക്സ്....12,600
സ്വർണം പവൻ....53,120
സ്വർണം ഗ്രാം....6640
പാംഓയിൽ....9250

● സ്വർണം അവധി
ജൂൺ....471550
ഓഗസ്റ്റ്....471734

റബർ ബോർഡ്

● കോട്ടയം
ആർ.എസ്.എസ്.4....18550
ആർ.എസ്.എസ്.5....18250
ഐ.എസ്.എൻ.ആർ–20....15600
ലാറ്റക്സ് 60%....13420

● കലാലംപൂർ
എസ്.എം.ആർ–20....14736
ലാറ്റക്സ് 60%....13733

● ബാങ്കോക്ക്
ആർ.എസ്.എസ്. 1....20571
ആർ.എസ്.എസ്. 2....20434
ആർ.എസ്.എസ്. 3....20309
ആർ.എസ്.എസ്. 4....20241
ആർ.എസ്.എസ്. 5....20138

● കൊച്ചി
ആർഎസ്എസ്–5....18250
റബർആർഎസ്എസ് 4 18550

● ആലപ്പുഴ മാർക്കറ്റ്
വെളിച്ചെണ്ണ 5200–15800
കൊപ്ര തെളിവ് 9900
കൊപ്ര ഓടെ 9850
കൊപ്ര രാശി....9800
സ്വർണം ഒരു ഗ്രാം 6630
സ്വർണം എട്ടു ഗ്രാം 53040
തങ്കം 10 ഗ്രാം 69300
വെള്ളി ഒരു കിലോ 96000

●തൃശൂർ
വെളിച്ചെണ്ണ - 15400
കൊപ്ര -....9800
നാളികേരം - 3000
തേങ്ങാപിണ്ണാക്ക് - 2850
കടലെണ്ണ - 3100
നല്ലെണ്ണ -....3150
എള്ളിൻപിണ്ണാക്ക് 4600
കുരുമുളക്-....57500
സ്വർണം -....6640

❑ വിനിമയം

ഡോളർ....83.25
യുറോ....90.09
പൗണ്ട്....105.735
സ്വിസ്ഫ്രാങ്ക്....91.86
സിംഗപ്പൂർ ഡോളർ....61.60

ധനലക്ഷ്മി ബാങ്കിന് 2023–24 സാമ്പത്തിക വർഷത്തിൽ 57.82 കോടി രൂപയുടെ ലാഭം

തൃശൂർ: ധനലക്ഷ്മി ബാങ്ക്, 2023-24 സാമ്പത്തിക വർഷത്തിൽ 57.82 കോടി രൂപ ലാഭം കൈവരിച്ചു. മുൻ സാമ്പത്തിക വർഷം 49.36 കോടി രൂപയായിരുന്നു ബാങ്കിന്റെ അറ്റ ലാഭം. ഇക്കാലയളവിലെ പ്രവർത്തന ലാഭം 69.26 കോടി രൂപയാണ്. ബാങ്കിന്റെ മൊത്തം ബിസിനസ് 6.39 % വളർച്ച കൈവരിച്ച് 24687 കോടി രൂപയായി.മുൻ സാമ്പത്തികവർഷത്തിൽ മൊത്തം ബിസിനസ് 23205 കോടി രൂപയായിരുന്നു.

ആകെ നിക്ഷേപം 7.03% വളർച്ച കൈവരിച്ച് 13352 കോടി രൂപയിൽ നിന്നും 14290 കോടി രൂപയായി. നിക്ഷേപത്തിന്റെ 30.66% കറന്റ്, സേവിങ്സ് ബാങ്ക് നിക്ഷേപമാണ്.മൊത്തം വായ്പ 5.51% വർധനവ് രേഖപ്പെടുത്തി 9854 കോടി രൂപയിൽനിന്നും 10397 കോടി രൂപയായി. സ്വർണ പണയ വായ്പയിൽ 24.87% വാർഷിക വളർച്ച നേടിക്കൊണ്ട് 2274 കോടി രൂപയിൽ നിന്നും 2839 കോടി രൂപയായി. പലിശ വരുമാനം 1071.24 കോടി രൂപയിൽനിന്നും 1206.99 കോടി രൂപയായി വർധിച്ച്

വാർഷികാടിസ്ഥാനത്തിൽ 12.67% വർധനവ് രേഖപ്പെടുത്തി. പലിശയേതര വരുമാനം 74.51 കോടി രൂപയിൽനിന്നും 152.56 കോടി രൂപയായി വർധിച്ച് വാർഷികാടിസ്ഥാനത്തിൽ 104.75% വർധനവ് രേഖപ്പെടുത്തി. മൊത്തം വരുമാനം 18.66 % വാർഷിക വളർച്ചയോടെ 213.80 കോടി രൂപ വർധിച്ച്

1145.75 കോടി രൂപയിൽനിന്നും 1359.55 കോടി രൂപയായി. നിഷ്ക്രിയ ആസ്തി ഗണ്യമായി കുറയ്ക്കാൻ ഇക്കാലയളവിൽ ബാങ്കിനു കഴിഞ്ഞു. മൊത്തം നിഷ്ക്രിയ ആസ്തി വാർഷികാടിസ്ഥാനത്തിൽ മൊത്തം വായ്പയുടെ 5.19 ശതമാനത്തിൽനിന്ന് 4.05 ശതമാനമായി കുറയ്ക്കുവാൻ ബാങ്കിന് കഴിഞ്ഞു. അറ്റനിഷ്ക്രിയ ആസ്തി 1.25% ആണ്. നിഷ്ക്രിയ ആസ്തിയിലേക്കുള്ള നീക്കിയിരിപ്പു തോത് 88.32 % ആണ്.

സാമ്പത്തിക വർഷാന്ത്യത്തിൽ 12.71% ആണ് ബാങ്കിന്റെ മൂലധനപര്യാപ്തതഅനുപാതം. മാർച്ച് 31, 2024 ൽ ബാങ്കിന്റെ ഓഹരിയുടെ ബുക്ക് വാല്യു 37.99 രൂപയിൽ നിന്നും40.70 രൂപയായി വർധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ ബാങ്കിന്റെ പ്രകടനം തൃപ്തികരമാണെന്നും നിലവിലെ പോസിറ്റീവ് മാർക്കറ്റ് അവസ്ഥകൾ കൂടുതൽ വളർച്ചയ്ക്കും വിജയത്തിനും കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ബാങ്കിന്റെ സാധ്യതകളെക്കുറിച്ച് വിശ്വാസമുണ്ടെന്നും സാമ്പത്തിക ഫലങ്ങളെയും പ്രകടനത്തെയും വിലയിരുത്തി ബാങ്കിന്റെ മാനേജിങ് ഡയറക്ടറും സി.ഇ.ഒയുമായ ശിവൻ ജെ.കെ. പറഞ്ഞു.

മണപ്പുറം ഫിനാൻസിന് 2198 കോടിയുടെ അറ്റാദായം

കൊച്ചി: മുൻനിര ബാങ്കിതര ധനകാര്യ സ്ഥാപനമായ മണപ്പുറം ഫിനാൻസ് ലിമിറ്റഡിന് 2023 –2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം 47 ശതമാനം വാർഷിക വർധനവോടെ 2198 കോടി രൂപയുടെ സംയോജിത അറ്റാദായം. 2024 മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിൽ കമ്പനിയുടെ അറ്റാദായം 35.7 ശതമാനം ഉയർന്നു 564 കോടി രൂപയായി. മുൻ വർഷമിതു 415 കോടി രൂപയായിരുന്നു.

കമ്പനിയുടെ ആസ്തി മൂല്യം 18.7 ശതമാനമുയർന്നു 42,070 കോടി രൂപയിലെത്തി. മുൻ വർഷമിതു 35,428 കോടി രൂപയായിരുന്നു. കമ്പനിയുടെ വാർഷിക പ്രവർത്തന വരുമാനം 32 ശതമാനം ഉയർന്നു 8848 കോടി രൂപയായി. മുൻ വർഷം 6697 കോടി രൂപയായിരുന്നു. രണ്ടു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് ഒരു രൂപ നിരക്കിൽ ഇടക്കാല ലാഭവിഹിതം വിതരണം ചെയ്യാനും കമ്പനി ഡയറക്ടർമാരുടെ ബോർഡ് യോഗം തീരുമാനിച്ചു.

സാമ്പത്തിക വർഷത്തിൽ അറ്റാദായം ശ്രദ്ധേയമായ വളർച്ച കൈവരിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. സ്വർണവായ്പ ഇതര വിഭാഗങ്ങളായ മൈക്രോഫിനാൻസ്, വാണിജ്യ വാഹന, ഭവനവായ്പാ വിഭാഗങ്ങളുടെ മികച്ച പ്രകടനം പ്രോത്സാഹജനകമാണ്. പ്രധാന ബിസിനസായ സ്വർണവായ്പയിലും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കാര്യമായ വളർച്ച നേടിയിട്ടുണ്ട്. ഈ മികച്ച വളർച്ചാനിരക്ക് നിലനിർത്തുക മാത്രമല്ല, വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെടുത്താനാകുമെന്നതിൽ സംശയമില്ല, മണപ്പുറം ഫിനാൻസ് ലിമിറ്റഡ് എം.ഡിയും സി.ഇ.ഒയുമായ വി.പി. നന്ദകുമാർ പറഞ്ഞു.

സബ്സിഡിയറികൾ മാറ്റി നിർത്തിയുള്ള കമ്പനിയുടെ സ്വർണവായ്പാ ആസ്തി മൂല്യം മൂന്നാം പാദത്തേക്കാൾ 3.6 ശതമാനവും കഴിഞ്ഞ വർഷത്തേക്കാൾ 8.9 ശതമാനവും വർധിച്ച് 21,500 കോടി രൂപയിലെത്തി. 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 2.5 ദശലക്ഷം സ്വർണ വായ്പാ ഉപഭോക്താക്കൾ കമ്പനിക്കുണ്ട്.

കമ്പനിക്കു കീഴിലുള്ള ആശിർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡിന്റെ ആസ്തി ഈ സാമ്പത്തിക വർഷം 18 ശതമാനം വർധിച്ച് 11881 കോടി രൂപയിലെത്തി ബിസിനസിൽ മികച്ച വളർച്ചയാണ് നേടിയത്. 69 ശതമാനമെന്ന മികച്ച വളർച്ചയോടെ കമ്പനിയുടെ വാഹന ഉപകരണ വായ്പാ വിഭാഗം സാമ്പത്തിക വർഷത്തെ ആസ്തി മൂല്യം 4111 കോടി രൂപയിലെത്തിച്ചു.

ഭവന വായ്പാ വിഭാഗമായ മണപ്പുറം ഹോം ഫിനാൻസ് ആസ്തി മൂല്യത്തിൽ 38 ശതമാനമാണ് വാർഷിക വളർച്ച നേടിയത്. ആസ്തി ഇത്തവണ 1510 കോടി രൂപയിലെത്തി. കമ്പനിയുടെ മൊത്തം വായ്പാ ബിസിനസിൽ 49 ശതമാനവും സ്വർണ ഇതര ബിസിനസിൽ നിന്നാണ്.

2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കമ്പനിയുടെ സംയോജിത അറ്റ മൂല്യം 11548 കോടി രൂപയാണ്. കമ്പനിയുടെ ഓഹരിയുടെ ബുക്ക് വാല്യു 136.4 രൂപയും പ്രതി ഓഹരിയിൽ നിന്നുള്ള സംയോജിത വരവ് 26 രൂപയുമാണ്. മൂലധന പര്യാപ്തതാ അനുപാതം 30.6 ശതമാനമെന്ന ഉയർന്ന തോതിൽ തന്നെ നിലനിർത്തി. അറ്റ നിഷ്ക്രിയ ആസ്തി 1.70 ശതമാനവും മൊത്ത നിഷ്ക്രിയ ആസ്തി 1.93 ശതമാനവുമാണ്.

2024 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം സബ്സിഡിയറികൾ ഉൾപ്പെടാതെയുള്ള കമ്പനിയുടെ സംയോജിത കടം 33654 കോടി രൂപയാണ്. 6.8 ദശ ലക്ഷം സജീവ ഉപഭോക്താക്കളാണ് നിലവിൽ കമ്പനിക്കുള്ളത്.

പന്തീരാങ്കാവ് കേസ്: പോലീസുകാരന്റെ മുൻകൂർ ജാമ്യാപേക്ഷ മാറ്റി

കോഴിക്കോട്: പന്തീരാങ്കാവ് ഗാർഹിക പീഡനക്കേസിലെ പ്രതി രാഹുലിനെ സഹായിച്ച പോലീസ് ഉദ്യോഗസ്ഥൻ ശരത്‌ലാലിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി ഈ മാസം 31 ലേക്ക് മാറ്റി. കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് കേസ് പരിഗണിക്കുന്നത്. പോലീസ് റിപ്പോർട്ടിനായാണ് ഹർജി മാറ്റിയത്. രാഹുലിനെ സഹായിച്ചെന്ന കണ്ടെത്തലിൽ പന്തീരാങ്കാവ് സ്റ്റേഷനിലെ സീനിയർ സി.പി.ഒ: ശരത്‌ലാലിനെ നേരത്തെ സസ്പെൻഡ് ചെയ്തിരുന്നു.

കേസിൽ പെൺകുട്ടി കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിനു മുന്നിൽ കഴിഞ്ഞ ദിവസം രഹസ്യമൊഴി നൽകി. രാഹുൽ പി. ഗോപാലന്റെ അമ്മ ഉഷാകുമാരിയും സഹോദരിയും മുൻകൂർ ജാമ്യത്തിനായി കോഴിക്കോട് ജില്ലാ കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇരുവർക്കുമെതിരേ സ്ത്രീധന പീഡനക്കുറ്റം ചുമത്തുമെന്ന സൂചനയുണ്ട്. ചോദ്യംചെയ്യലിന് ഹാജരാകണമെന്ന് കാട്ടി രണ്ടുപേർക്കും അന്വേഷണസംഘം നോട്ടീസ് നൽകിയെങ്കിലും ഹാജരായിരുന്നില്ല. ഉഷാ കുമാരി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണിപ്പോൾ.

ഉഷയോടും മകളോടും കഴിഞ്ഞ ദിവസങ്ങളിൽ രാഹുൽ ഫോണിൽ സംസാരിക്കാൻ ശ്രമിച്ചതായി പെൺകുട്ടിയുടെ പിതാവ് പറഞ്ഞു. രാഹുലിനെ കണ്ടെത്താൻ ഇന്റർപോളിന്റെ സഹായത്തോടെ ബ്ലൂ കോർണർ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. രാഹുൽ ജർമനിയിലേക്കു കടന്നെന്ന് പരാതിക്കാരിയുടെ കുടുംബം ആരോപിച്ചിരുന്നു. ജർമനിയിലെത്തിയെന്ന് സുഹൃത്ത് രാജേഷും മൊഴി നൽകി.

രാഹുലിന് രാജ്യം വിടാനുള്ള ബുദ്ധി ഉപദേശിച്ചതും പോലീസിന്റെ കൈയിൽപ്പെടാതെ ബംഗളൂരുവിൽ എത്താനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുത്തതും പോലീസ് ഉദ്യോഗസ്ഥനായ ശരത്‌ലാലാണ്. രാജേഷിനും ശരത്‌ലാൽ സഹായങ്ങൾ നൽകിയിരുന്നു. നവവധുവും കുടുംബവും പരാതി നൽകാനെത്തിയപ്പോൾ പോലീസുകാർ പ്രതിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചെന്ന് ആരോപണമുയർന്നിരുന്നു.

ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിച്ചില്ലെങ്കിൽ കർശന നടപടി

തിരുവനന്തപുരം: മഴ കനത്ത സാഹചര്യത്തിൽ ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ അടക്കമുള്ള കർശന നടപടി സ്വീകരിക്കുമെന്നും ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. തോട്ടം തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പാക്കാൻ നടത്തിവരുന്ന പരിശോധനകളുടെ അവലോകന യോഗത്തിലാണ് ലേബർ കമ്മിഷണർ ഇക്കാര്യം അറിയിച്ചത്.

സംസ്ഥാനത്ത് 58 എസ്റ്റേറ്റുകളിൽ പരിശോധന പൂർത്തിയാക്കി. 55 എണ്ണത്തിലും ലയങ്ങളുടെ ശോച്യാവസ്ഥ, കുടിവെള്ള പ്രശ്നം, ചികിത്സാസൗകര്യങ്ങളുടെ കുറവ്, മറ്റു തൊഴിൽ നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തി. വീഴ്ചകൾ കണ്ടെത്തിയ സ്ഥലങ്ങളിൽ വിശദാംശങ്ങൾ തൊഴിലുടമകളെ ധരിപ്പിച്ച് പരിഹാരം കണ്ടെത്തുന്നതിന് നോട്ടീസ് നൽകി. ഗുരുതര പ്രശ്നങ്ങൾ കണ്ടെത്തിയ സ്ഥലങ്ങളിൽ അടിയന്തിരയോഗം ചേർന്ന് നടപടി സ്വീകരിക്കുന്നതിന് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനെ ചുമതലപ്പെടുത്തി.

പെരികോൺ 2024 തൃശൂരിൽ

തൃശൂർ: 9–ാമത് ദേശീയ പെരിനറ്റോളജി കോൺഫറൻസ് പെരികോൺ 2024 സൈമർ ദി വുമൺസ് ഹോസ്പിറ്റലിൽ 25, 26 തീയതികളിൽ നടത്തപ്പെടുന്നു. സങ്കീർണതകൾ നിറഞ്ഞ ഗർഭാവസ്ഥയും ഗർഭസ്ഥ ശിശുചികിത്സയുമാണ് പ്രധാന ചർച്ചാവിഷയം. ഗർഭസ്ഥശിശുവിന്റെ സ്കാനിങ്ങുകളുടെ ഏറ്റവും പുതിയ മാർഗനിർദേശങ്ങൾ സെമിനാറിൽ ചർച്ച ചെയ്യും.

ഈ രംഗത്തെ ദേശീയ വിദഗ്ധരായ ഡോ. സുരേഷ് ശേഷാദ്രി, ഡോ. എൻ. പളനിയപ്പൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങളവതരിപ്പിക്കും. പി.എൻ.ഡി.ടി. നിയമങ്ങളും സെമിനാറിൽ ചർച്ച ചെയ്യപ്പെടും. സൈമർ ഹോസ്പിറ്റൽ ചെയർമാൻ ഡോ. കെ.കെ. ഗോപിനാഥൻ നേതൃത്വം വഹിക്കുന്ന കമ്മിറ്റിയിൽ ഡോ. ബിജോയ് ബാലകൃഷ്ണൻ, ഡോ. മീനുബത്ര പരശുറാം എന്നിവരാണ് ഓർഗനൈസിങ് സെക്രട്ടറിമാർ.

ഷവർമ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന

തിരുവനന്തപുരം: ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഷവർമ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തനം നടത്തിയ 52 സ്ഥാപനങ്ങളിലെ ഷവർമ്മ വ്യാപാരം നിർത്തി വയ്പിച്ചു.

നിരവധി സ്ഥാപനങ്ങൾക്കു നോട്ടീസ് നൽകി. പാർസലിൽ ലേബൽ കൃത്യമായി പതിക്കാതെ വിതരണം നടത്തിയ 40 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ശക്തമായ പരിശോധനകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

HDB FINANCIAL SERVICES എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്
REGISTERED OFFICE: RADHIKA, 2ND FLOOR, LAW GARDEN ROAD, NAVRANGPURA, AHMEDABAD, GUJARAT, PIN CODE-380009
Regional Office: Ground Floor, Zenith House, Keshavrao Khadye Marg, Opposite Race Course,Mahalakshmi, Mumbai- 34. Tel: 022-39586300.
Branch Office: HDB Financial Services Limited, 2nd Floor, Art Of Living Tower, 13 Cross Road,Sbt Avenue, Near Passport Office, Panampilly Nagar, Kochi - Kerala - 682036. Web:www.hdbfs.com, Email ID: compliance@hdbfs.com

APPENDIX IV **കൈവശാവകാശ നോട്ടീസ്**
See Rule 8(1)

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഓഫീസർ, അണ്ടർ ദി സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അണ്ടർ സെക്ഷൻ 13(12) റീഡ് വിത്ത് റൂൾസ് 8 & 9 ഓഫ് ദി സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 പ്രകാരം 16/01/2024 ന് ഒരു ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം അപേക്ഷകൻ/സഹ അപേക്ഷകൻ/ഗ്യാറന്റർ ലോൺ അക്കൗണ്ട് നമ്പർ : 2991022, 13622108 linked by Unique Id Number 9891991, അപേക്ഷകന്റെ/സഹ-അപേക്ഷകരുടെ പേര് 1) നിയാസ് പി എ, പൊക്കാക്കിലത്ത് ഹൗസ് പട്ടിക്കര ചിറനെല്ലൂർ പി ഒ, ചിറനെല്ലൂർ തൃശൂർ-680501 കേരളം 2) അബ്ദുൾറഹിമാൻ പിഎ, പൊക്കാക്കിലത്ത് ഹൗസ് പട്ടിക്കര,ചിറനെല്ലൂർ പി ഒ തൃശൂർ-680501 കേരളം, ധിമാൻഡ് നോട്ടീസ് തീയതി 14-02-2024, NPA തീയതി 2-ജനുവരി-24 ലെ കുടിശ്ശിക കുടിശ്ശിക രൂപ. 37,51,044.95/ (മുപ്പത്തിയേഴു ലക്ഷത്തി അമ്പത്തിയൊന്നായിരത്തി നാല്പത്തിനാല് രൂപയും തൊണ്ണൂറ്റി അഞ്ച് പൈസയും മാത്രം) 14/02/24 വരെ പ്രസ്തുത അറിയിപ്പ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ തിരിച്ചക്കണമെന്ന് കാണിച്ച്
അപേക്ഷകൻ/സഹ – അപേക്ഷകൻ /ജാമ്യക്കാർ തുക അടക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അപേക്ഷകൻ/സഹ – അപേക്ഷകൻ/ജാമ്യക്കാർ പൊതുജനങ്ങൾ മറ്റുള്ളവരെ നോട്ടീസ് മുഖേന അറിയിക്കുന്നത് താഴെ ഒപ്പിട്ടിരിക്കുന്ന ആൾ തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന വസ്തുക്കൾ 2024 മെയ് 21–ാം ദിവസം–ാം ദിവസം. ദിവസം മുതൽ 2002 സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സമെന്റ്) ചട്ടത്തിലെ റൂൾ 8 ലെ അണ്ടർ സെക്ഷൻ 13(4) പ്രകാരം കൈവശപ്പെടുത്തിയിരിക്കുന്നു.
അപേക്ഷകൻ/സഹ – അപേക്ഷകൻ/ജാമ്യക്കാർ പൊതുജനങ്ങൾ M/s എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് കൊച്ചി അധികാരത്തിലിരിക്കുന്ന വസ്തുക്കളിൻമേൽ കിട്ടുവാനുള്ള തുകയായ രൂപ. 37,51,044.95/ (മുപ്പത്തിയേഴു ലക്ഷത്തി അമ്പത്തിയൊന്നായിരത്തി നാല്പത്തിനാല് രൂപയും തൊണ്ണൂറ്റി അഞ്ച് പൈസയും മാത്രം) അതിൻമേലുള്ള പലിശയും ചാർജും ഉൾപ്പെടെ അടയ്ക്കാതെ യാതൊരു വിധ ഇടപാടുകളും നടത്തരുതെന്ന് ഇതിനാൽ മുന്നറിപ്പ് നൽകുന്നു.
അപേക്ഷകൻ / സഹ – അപേക്ഷകൻ /ജാമ്യക്കാർ എന്നിവരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. സബ് സെക്ഷൻ (8)ഓഫ് ദി ആക്ട്പ്രകാരം പണയ വസ്തുക്കൾ വീണ്ടെടുക്കുന്നതിന് സമയം ലഭിക്കുന്നതാണ്.

സെക്യൂരിറ്റികളുടെ ഷെഡ്യൂൾ

ആകെവ്യാപ്തി 22.25 Ares of the land lying in Sy No: 382/P തലപ്പള്ളി താലൂക്കിലെ ചിറനെല്ലൂർ വില്ലേജും ചൂണ്ടൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നമ്പർ: 5/247, 5/248, 5/249 & 5/250 എന്ന കെട്ടിടവും ശ്രീ.അബ്ദുൾ റഹിമാൻ പേരിൽ കെട്ടിടവുത്തിയിരിക്കുന്ന സെയിൽ ഡീഡ് നമ്പർ: 1059/1993ൽ വിവരിച്ചിട്ടുണ്ട്.സബ് രജിസ്ട്രേഷൻ ജില്ല എരുമപ്പെട്ടി രജിസ്ട്രേഷൻ ജില്ല തൃശൂർ അതിർത്തി: കിഴക്ക്: റോഡ്, വടക്ക്: പൊക്കാക്കില്ലത്ത് സെയ്ദ് മുഹമ്മദിന്റെ സ്വത്ത്, പടിഞ്ഞാറ്: ചാലു, തെക്ക്: കാദർ & പാത്തുമോൾ, ഹംസ & സുൽഫത്ത്, മുഹമ്മദ് കുട്ടി.

തീയതി:21/05/2024 (ഒപ്പ്) അധികാരപ്പെട്ട ഓഫീസർ
സ്ഥലം: എറണാകുളം എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിനുവേണ്ടി

CHANGE OF NAME
I, VIDHU ARUN, W/o.Arun Leo Uvaraj Holder of Passport No: M 9219117, Residing at Leo Land, Lenin Nagar, Punkunnam, Thrissur-680002 Do hereby change my name as VIDHU ANTONY

CHANGE OF NAME
I, Rukkiya Vali Parambil Mohammed, holder of Indian Passport No. K2270231, Valiparambil House, Nattika P.O., Thrissur Pin-680566, Kerala hereby change my name as Rukkiya Mohammed.

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
Regional Office Thrissur: Platinum Jubilee Building, Civil Lane Road, Ayyanthole, Thrissur-680003. Ph: 0487-2424292, 9895099120, E-mail: ro1006@sib.co.in
Reg.Office: SIB House, TB Road, Mission Quarters, Thrissur, Kerala-680001 Ph: 0487-24200 20, 21, E-mail: sibcorporate@sib.co.in
www.southindianbank.com CIN No.: L65191KL1929PLC001017

Ref: TCR/RO/REC/SAR/SN/ABI/46/2024-25 **തീയതി : 22.05.2024**

ഇ – ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപ്പനക്കായുള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

(1). **ശ്രീ. ഷാജു കെ. ഒ**, കളാഞ്ചേരി ഹൗസ്, മേലൂർ, കുന്നപ്പിള്ളി, തൃശ്ശൂർ- 680311
(2). **ശ്രീമതി. ഓമന ബാബു**, കളാഞ്ചേരി ഹൗസ്, മേലൂർ, കുന്നപ്പിള്ളി, തൃശ്ശൂർ- 680311,
കൂടാതെ: കുറ്റൂക്കാരൻ ഹൗസ്, മരത്താക്കര, തൃശ്ശൂർ- 680306

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, **തൃശ്ശൂർ എം.ജി. റോഡ് ബ്രാഞ്ചിൽ** (സെക്യൂരഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ **കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 21.05.2024–ാം തീയതിക്ക് രൂ. 28,25,500.58/– (ഇരുപത്തിയെട്ട് ലക്ഷത്തി ഇരുപത്തിയഞ്ചായിരത്തി അഞ്ഞൂറ് രൂപ അമ്പത്തിയെട്ട് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം,** മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയ വരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ തൃശ്ശൂർ എം.ജി. റോഡ് ബ്രാഞ്ചിലേക്ക് ഈടാക്കി കിട്ടുന്നതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തു തന്നെയായാലും അങ്ങനെ തന്നെ" എന്ന വ്യവസ്ഥയിൽ **12.07.2024ന് വിൽപ്പന** നടത്തുന്നതാണെന്ന് പൊതു ജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

വസ്തുവിന്റെ വിവരണം:

വസ്തു ഉടമയുടെ പേര്: **ശ്രീമതി. ഓമന ബാബു**, സ്ഥാവര വസ്തുക്കളുടെ വിവരണം: തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, മരത്താക്കര വില്ലേജിൽ സർവ്വെ നമ്പർ 629/2, റീ.സർവ്വെ നമ്പർ 17/59 ൽപെട്ട 1.99 ആർസ് (4.91 സെന്റ്) സ്ഥലവും അതോടൊപ്പം XX/615 ഡോർ നമ്പറിൽ 2650 Sqft. നിർമ്മിതി വിസ്തീർണ്ണമുള്